# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1614 — 21.3.2012 ൽ മറുപടിയ്ക്ക്

### വി.എഫ്.പി.സി.കെ.യുടെ പ്രവർത്തനപുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു: | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളയുടെ നിലവിലുള്ള പ്രവർത്തനപുരോഗതി വിശദമാക്കുമോ; | (എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തുമുതൽ വിപണനം വരെയുള്ള കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് സഹായം എത്തിക്കുന്ന രീതിയിലാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഇപ്പോൾ 7988 സ്വാശ്രയസംഘങ്ങളിലായി 153921 കർഷകർ വി.എഫ്.പി.സി.കെയിൽ അംഗങ്ങളാണ്. കർഷകർക്ക് ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനായി ഒരു വിത്ത് സംസ്ക്കരണശാലയും പച്ചക്കറിത്തൈകളുടെ ഉല്പാദനത്തിനായി ഒരു ഹൈടെക് നഴ്സറിയും ആലത്തൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. പച്ചക്കറി കൃഷിയിൽ ശാസ്ത്രീയമായ കൃഷി രീതികളെയും, രോഗകീടനിയന്ത്രണത്തേയും സംബന്ധിച്ചുള്ള പരിശീലന പരിപാടികൾ വി.എഫ്.പി.സി.കെ നടത്തി വരുന്നു. ഇത് കൂടാതെ സർക്കാർ ധനസഹായത്തോടെ പുതുതായി കൂടുതൽ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുവാനായി പച്ചക്കറി ഗ്രാമങ്ങൾ രൂപീകരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. വീട്ടുമുറ്റത്തും ടെറസ്സിലും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്ന |

തിനായി 'ഹരിതനഗരി' എന്ന പദ്ധതി വി.എഫ്.പി.സി.കെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഓണ ക്കാലത്തേയ്ക്ക് ഓരോ വീട്ടിലും ആവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'വെജിറ്റബിൾ ക്യാമ്പ്' ഈ വർഷം നടത്തുകയുണ്ടായി. ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്കും പൊതുജന ങ്ങൾക്കും വിതരണം ചെയ്തുവരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന തിനായി 271 സ്വാശ്രയ കർഷക വിപണികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതുകൂടാതെ ഈ വിപണികൾ വഴി കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നുണ്ട്. വിവിധ പദ്ധതി കളിലൂടെ പഴം പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുകയും ചെയ്ത് വരുന്നു. 11 വാണിജ്യ ബാങ്കുകളിലൂടെ കർഷകർക്ക് കൃഷിക്കായി വായ്പ നല്കുകയും കൃഷിക്കും കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ നല്കുകയും ചെയ്യാറുണ്ട്. വി.എഫ്.പി.സി.കെ, കർഷകരുടെ ഉന്നമനത്തിനായി സംസ്ഥാന ഗവണ്മെന്റ് പദ്ധതിവിഹിതം കൂടാതെ ആർ.കെ.വി.വൈ, എസ്.എച്ച്.എം, ആർ.എസ്.വി.വൈ, എൻ.എ.ഐ.പി, ഡി.എം.ഐഎന്നീ ഏജൻസികളിൽ നിന്നുള്ള ധനസഹായവും വിനിയോഗിച്ചു വരുന്നു.

(ബി) ഈ വർഷം പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പുതിയ കർഷകരെ അംഗങ്ങളാക്കി കൂടുതൽ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുക, പഴം പച്ചക്കറികളുടേയും, കിഴങ്ങുവർഗ്ഗവിളകളുടേയും ശീതകാല പച്ചക്കറി കളുടേയും കൃഷി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക, ഉയർന്ന ഉല്പാദനക്ഷമതയുള്ള പച്ചക്കറി തൈകൾ, വിത്തുകൾ, ടിഷ്യൂക്കൾച്ചർ വാഴ, ഫലവൃക്ഷതൈകൾ തുടങ്ങിയവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക, ഗൃഹപരിസര പച്ചക്കറികൃഷി

വ്യാപിപ്പിക്കുക, കൂൺ വിത്ത് ഉല്പാദനവും പരിശീലനങ്ങളും നല്കുക, നൂതന സാങ്കേതിക വിദ്യകളെ സംബന്ധിച്ച കാമ്പെയിനുകളും ഡെമോൺസ്ട്രേഷനുകളും സംഘടി പ്പിക്കുക,പ്രിസിഷൻ ഫാമിങ് മോഡലുകൾ കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കുക, കുറഞ്ഞ രീതിയിലുള്ള കമ്പോസ്റ്റിങ് രീതികൾ പ്രചരിപ്പിക്കുക. നിലവിലുള്ള 271 സ്വാശ്രയ കർഷക സമിതികളുടേയും 106 കളക്ഷൻ സെന്ററുകളുടേയും 16 ചില്ലറ വില്പനശാലകളുടേയും ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പുറമേ 2012-13 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- മണ്ണ് പരിശോധനയും ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ വഴി കർഷക പങ്കാളിത്തത്തോടെയുള്ള കാലാവസ്ഥ വിവര ശേഖരണവും
- കുറഞ്ഞ മുതൽ മുടക്കുള്ള ശീതീകരണ യൂണിറ്റുകളുടെ നിർമ്മാണം
- ശീതകാല പച്ചക്കറികളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം.
- ചെറുകിട സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക

| | | | |
|---|---|---|---|
| (സി) | വി.എഫ്.പി.സി.കെ.യുടെ മുൻകാല പ്രവർത്തനങ്ങളിൽ കൃത്രിമം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടന്നുവന്നിരുന്ന അന്വേഷണ-ത്തിന്റെ അവസ്ഥയെന്താണ്; | (സി) & (ഡി) | വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷിയോട് വിശദീകരണം ചോദി ച്ചിരിക്കുകയാണ്. |
| (ഡി) | ആർക്കെങ്കിലുമെതിരെ നടപടികൾ സ്വീകരിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (ഇ) | നടപടിയുടെ ഭാഗമായി വി.എഫ്.പി.സി.കെ.യിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കി യിരുന്നോ; വിശദാംശം ലഭ്യമാ ക്കുമോ; | (ഇ) | ഒഴിവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | ആരോപണവിധേയനായിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെ വി.എഫ്.പി.സി.കെ.യുടെ ചുമതല യിൽ വീണ്ടും നിയമിക്കാനു ദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | പരിഗണനയിലില്ല. |

Snehamo

സെക്ഷൻ ഓഫീസർ